**മധുരമായ കുട്ടികളേ - അന്തർമുഖിയായി പഠിപ്പിൽ തൽപരരാകൂ, ശ്രീമതത്തിലൂടെ സദാ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കൂ എന്നാൽ നിങ്ങളുടെ ഭാഗ്യം ഉയർന്നതായിത്തീരും, ഇത് സ്വന്തം ഭാഗ്യം ഉണ്ടാക്കുന്നതിനുളള സമയമാണ്.**

**ചോദ്യം:-** നിങ്ങൾ കുട്ടികളുടെ ഏറ്റവും ഉയർന്ന ഭാഗ്യം ഏതാണ്, അതിന്റെ ആധാരത്തിൽ നിങ്ങൾ മുഴുവൻ സൃഷ്ടിയുടെയും ഭാഗ്യത്തെ കുറിച്ച് അറിയുന്നു?

**ഉത്തരം:-** സ്വദർശനചക്രധാരിയാകുക - ഇതാണ് ഏറ്റവും ഉയർന്നതിലും ഉയർന്ന ഭാഗ്യം. നിങ്ങൾ ബ്രാഹ്മണർ ഇപ്പോൾ സ്വദർശനചക്രധാരിയായിത്തീരുന്നു. നിങ്ങൾ സ്വന്തം ഭാഗ്യത്തെക്കുറിച്ചും അറിയുന്നു മുഴുവൻ സൃഷ്ടിയുടേയും ഭാഗ്യത്തെക്കുറിച്ച് അറിയുന്നു. ബാബ വന്നിരിക്കുകയാണ് നിങ്ങൾ കുട്ടികളുടെ ഭാഗ്യത്തെ വജ്രസമാനമാക്കി മാറ്റുന്നതിനായി. സ്മൃതിയിലുണ്ടായിരിക്കണം സ്വയം ഭഗവാൻ നമ്മുടെ ഭാഗ്യത്തെ ഉണ്ടാക്കുന്നതിനായി പഠിപ്പിച്ചുകൊണ്ടിരിക്കുന്നു, അപ്പോൾ ഭാഗ്യം വർദ്ധിച്ചുകൊണ്ടേയിരിക്കും.

**ഗീതം:-** വരാൻ പോകുന്ന നാളെയുടെ ഭാഗ്യമാണ് നിങ്ങൾ.....

**ഓം ശാന്തി**. കുട്ടികൾ പാട്ടിന്റെ രണ്ടു വാക്ക് കേട്ടുവല്ലോ. കേൾക്കുമ്പോൾ തന്നെ തന്റെ ഭാഗ്യത്തിന്റെ ലഹരി വർദ്ധിക്കണം. ഇത് അവിനാശി ലഹരിയാണ് ഇതൊരിക്കലും കുറയരുത്. മനുഷ്യൻ ധനവാനാണെങ്കിൽ കോടിപതിയാണെങ്കിൽ അവർക്ക് രാത്രിയും പകലും ലഹരിയുണ്ടാവും - നമ്മൾ വളരെയധികം ധനവാനാണ്, ജന്മിയാണ് എന്നൊക്കെ. സമ്പത്തിന്റെ ലഹരിയാണ് ഉണ്ടായിരിക്കുക. ബാബ ഭാഗ്യം ഉണ്ടാക്കുന്നയാളാണ്. ഇപ്പോൾ എല്ലാവരുടെയും ഭാഗ്യം ഇല്ലാതായിരിക്കുകയാണ്. നിങ്ങൾക്കു തന്നെ തീരുമാനിക്കാൻ സാധിക്കും എന്റേത് കക്കയ്ക്കു സമാനമുള്ള ഭാഗ്യമാണോ അതോ വജ്ര സമാനമുള്ള ഭാഗ്യമാണോ എന്ന്. പരിധിയില്ലാത്ത അച്ഛൻ സമ്മുഖത്തിരുന്ന് ഭാഗ്യത്തെ ഉണ്ടാക്കുകയാണ്. അത് നിങ്ങൾ കാണുന്നുണ്ട്, അറിയുന്നുണ്ട്. പരമപിതാവായ പരമാത്മാവിനെ കാണുകയാണോ അതോ അറിയുകയാണോ? കുട്ടികൾക്ക് അറിയാം നമ്മൾ ആത്മാക്കളാണെന്ന്. ആത്മാവിനെ കാണാൻ കഴിയില്ല എന്നാൽ നിശ്ചയമുണ്ട് നമ്മൾ ആത്മാക്കളാണ്, നക്ഷത്രത്തിനു സമാനമാണെന്ന്. ഭൃകുടി മദ്ധ്യത്തിലാണ് ഇരിക്കുന്നതെന്ന്. നിങ്ങൾ കുട്ടികൾക്ക് ഈ സമയത്ത് ആത്മാഭിമാനിയായിത്തീരണം. ഈ ദേഹത്തിൽ വസിക്കുന്നവരെ ആത്മാവ് അഥവാ ദേഹി എന്നു പറയുന്നു. ആത്മാവിന് ഈയൊരു അഭിമാനമുണ്ട് നമ്മെ പരമപിതാവായ പരമാത്മാവ് വന്നു കാണുന്നു എന്ന്. കുട്ടികൾ അച്ഛന്റെ അടുത്ത് ജന്മമെടുത്തു എങ്കിൽ അവകാശിയായിത്തീർന്നു. പിന്നീട് ചിലർ ചില്ലറ ഭാഗ്യം നേടുന്നു, ചിലർ ഒന്നും നേടുന്നില്ല. കേവലം ജന്മം എടുക്കുന്നുണ്ട്. ചിലർക്ക് 5-6 മക്കളുണ്ടാവും. ജോലി ചെറിയതാണ് കിട്ടിയതെങ്കിൽ മനസ്സിലാക്കും ഞങ്ങളുടെ ഭാഗ്യത്തിൽ ഇത്രയ്ക്കേയുള്ളൂ. മറ്റുള്ളവരെ നോക്കുന്നു - അവരുടെ ഭാഗ്യത്തിൽ എത്ര കൊട്ടാരങ്ങളും സമ്പത്തുമാണ്, സിംഹാസനവും കിരീടവുമാണ്. മനുഷ്യരുടെ ഭാഗ്യവും വ്യത്യസ്തമല്ലേ. ഇപ്പോൾ നമുക്ക് നമ്മുടെ ഭാഗ്യത്തെക്കുറിച്ചറിയാം നമ്മൾ ഏതൊരു ഭാഗ്യത്തിനുവേണ്ടിയാണ് പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നത്. ധനത്തിനുവേണ്ടി, സുഖത്തിനുവേണ്ടി. മനുഷ്യൻ പുരുഷാർത്ഥം ചെയ്യുന്നുണ്ട്. ധനവാന്മാരായ മനുഷ്യൻ അസുഖം ബാധിച്ചാൽ നല്ല നല്ല ഡോക്ടറെക്കൊണ്ട് ചികിൽസിപ്പിക്കും. ധനം കൊണ്ട് നല്ല മരുന്ന് ലഭിക്കുമെന്ന് മനസ്സിലാക്കുന്നു. ധനത്തിന്റെ കാര്യമല്ലേ. നിങ്ങൾ ശ്രീമതത്തിലൂടെ വളരെ ഉറച്ച ഭാഗ്യത്തെയാണ് ഉണ്ടാക്കുന്നത്. കുട്ടികൾക്ക് അറിയാം ബാബ ഉയർന്നതിലും ഉയർന്ന ഭാഗ്യത്തെ ഉണ്ടാക്കിത്തരുന്നു കാരണം സ്വയം ഉയർന്നതിലും ഉയർന്നതാണ്. ഇപ്പോൾ നമ്മൾ അവരുടെ സന്മുഖത്താണ് ഇരിക്കുന്നത്. മാതാപിതാവിന്റെ വീട്ടിലാണ് ഇരിക്കുന്നത്. ഏതെങ്കിലും രാജാറാണിമാരാണെങ്കിൽ മനസ്സിലാക്കുന്നു തീർച്ചയായും രാജ്യപദവി നേടാൻ യോഗ്യത ഉണ്ടാക്കുന്ന തരത്തിലുള്ള കർമ്മങ്ങൾ ഞങ്ങൾ ചെയ്തിട്ടുണ്ട്. ഇപ്പോൾ നിങ്ങൾക്ക് അറിയാം നമ്മൾ ലക്ഷ്മി-നാരായണന്റെ ചിത്രത്തെ കാണുന്നുണ്ട്, അവരും കഴിഞ്ഞ ജന്മത്തിൽ തന്റെ ഭാഗ്യത്തെ ഉണ്ടാക്കിയിട്ടുണ്ട്. നിങ്ങൾക്ക് ഈ ബുദ്ധി ലഭിച്ചിട്ടുണ്ട്. മനുഷ്യരുടെ ബുദ്ധിയിലൊന്നും ഈ കാര്യങ്ങൾ വരികയില്ല. ഇത്രയ്ക്കും ധനവാനായ മനുഷ്യരാണ്, അവർക്ക് എങ്ങനെ ഈ ഭാഗ്യം ലഭിച്ചു? കഴിഞ്ഞ ജന്മത്തിൽ ചെയ്ത കർമ്മമാണ് ധനവാനാക്കി മാറ്റിയത്. കർമ്മത്തിന്റെ ഫലമല്ലേ. ഇങ്ങനെ പാടാറുമുണ്ട് കർമ്മത്തിന്റെ ഗതി വേറിട്ടതാണെന്ന്. മനുഷ്യർ കഴിഞ്ഞുപോയ ചെയ്തിട്ടുള്ള കർമ്മത്തിനനുസരിച്ചാണ് അനുഭവിക്കുന്നത്. ഇപ്പോൾ നിങ്ങൾ വലുതിലും വലുതായ ലക്ഷ്മി-നാരായണന്റെ ഭാഗ്യവുമായി താരതമ്യപ്പെടുത്തുന്നു. ഇവർ സത്യയുഗത്തിന്റെ അധി

കാരിയായിത്തീരുന്നതിനായി, ഇവരെ വിശ്വത്തിന്റെ അധികാരികളാക്കി മാറ്റുന്നതിനായുള്ള കർമ്മത്തിന്റെ ഗതി ആരാണ് ഉണ്ടാക്കിയത്. നിങ്ങൾ മുഴുവൻ ചക്രത്തെക്കുറിച്ചും മനസ്സിലാക്കി.

നിങ്ങൾ ബ്രാഹ്മണർ ഇപ്പോൾ സ്വദർശന ചക്രധാരികളായിത്തീർന്നിരിക്കുകയാണ്. മറ്റുള്ള ബ്രാഹ്മണരെ സ്വദർശന ചക്രധാരികളെന്നു പറയുകയില്ല. അവരും ബ്രാഹ്മണരാണ്, നിങ്ങളും ബ്രാഹ്മണരാണ്. പക്ഷേ നിങ്ങൾക്ക് അറിയാം നമ്മൾ സത്യമായ ബ്രാഹ്മണരാണെന്ന്. ബ്രഹ്മാവിന്റെ മുഖവംശാവലിയാണ്. തീർച്ച യായും ബ്രഹ്മാവും ആരുടെയെങ്കിലും കുട്ടിയായിരിക്കും. ബ്രഹ്മാവ് ശിവബാബയുടെ കുട്ടിയാണ്. ശിവ ബാബ രചയിതാവാണ് ബാബയ്ക്ക് അച്ഛനില്ല. ഇപ്പോൾ നിങ്ങളുടെ ഭാഗ്യത്തെ പരമപിതാവായ പരമാത്മാ വാണ് ഉണ്ടാക്കുന്നത്. ബാബയിലൂടെ മാത്രമേ ഭാഗ്യത്തെ ഉണ്ടാക്കാൻ സാധിക്കൂ. അമ്മാവൻ, അമ്മായി... എന്നിവരിലൂടെ ഒരിക്കലും ഉണ്ടാവുകയില്ല. ചിലർക്ക് കിട്ടാനും സാധ്യതയുണ്ട്. അവർ ദത്തെടുക്കുകയാ ണെങ്കിൽ മാത്രം. ഡ്രാമ അനുസരിച്ച് കല്പം മുൻപത്തേതു പോലെ നിങ്ങൾ കുട്ടികളെ ദത്തെടുക്കുകയാ ണ്. ബാബയെക്കാളും ഉയർന്നതായി മറ്റാരും തന്നെയില്ല. പ്രജാപിതാബ്രഹ്മാവിന് ധാരാളം കുട്ടികളുണ്ട്. അദ്ദേഹത്തിന് ബാബയിൽ നിന്നും എത്ര സമ്പത്താണ് ലഭിച്ചിട്ടുണ്ടാവുക. നിങ്ങൾക്ക് അറിയാം ശിവ ബാബ സർവ്വ ആത്മാക്കളുടെയും അച്ഛനാണ്, ബ്രഹ്മാബാബ ജീവാത്മാക്കളുടെ അച്ഛനാണ്. നിങ്ങൾ ഇതി ലൂടെ സഹോദരീസഹോദരന്മാരായിത്തീരുന്നു. ബാബ നിങ്ങൾ കുട്ടികളോട് പറയുന്നു – നോക്കൂ, നിങ്ങ ളുടെ ഭാഗ്യം എത്ര ഉയർന്നിരിക്കുകയാണ്! ഞാൻ നിങ്ങളെ പഠിപ്പിച്ച് എത്ര ഭാഗ്യശാലികളാക്കി മാറ്റുന്നു. സത്യയുഗത്തിന്റെ ആദിയിൽ ശ്രീലക്ഷ്മി–നാരായണന്മാരുടെ അഥവാ ഈ സ്വർഗ്ഗവാസികളുടെ രാജധാ നിയായിരുന്നു. എത്ര ഉയർന്ന ഭാഗ്യമാണ് അവർ ഉണ്ടാക്കിയിരിക്കുന്നത്! ഈ രഹസ്യം നിങ്ങൾ കുട്ടിക ളുടെ ബുദ്ധിയിലുണ്ട് ശിവബാബയാണ് അവരുടെ ഭാഗ്യത്തെ ഉയർന്നതാക്കി മാറ്റിയത്. അവർ ആ ഭാഗ്യത്തെ അനുഭവിച്ച് 84 ജന്മങ്ങൾ പൂർത്തിയാക്കി. ഇപ്പോൾ വീണ്ടും അതേ ഭാഗ്യത്തെ ഉണ്ടാക്കുകയാണ്. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഈ ജ്ഞാനമുണ്ട്. ജ്ഞാനസാഗരനായ ശിവബാബയ്ക്കല്ലാതെ മറ്റാർക്കും ഇത് മനസ്സിലാക്കിത്തരാൻ സാധിക്കുകയില്ല. ഇങ്ങനെയുള്ള ബാബ എത്ര സ്നേഹിയാണ്. ബാബയും പറയു ന്നു, നിങ്ങൾ സ്നേഹികളായ കുട്ടികളാണ്. നിങ്ങളോട് ഞാൻ ആജ്ഞാപിക്കുകയാണ് നിരന്തരം ഓർമ്മ യിലിരിക്കാനുള്ള അഭ്യാസം ചെയ്യുകയാണെങ്കിൽ വികർമ്മം നശിക്കും. നിങ്ങൾക്ക് അറിയാം ശിവബാബ ഇപ്പോൾ ഈ ബ്രഹ്മാവിന്റെ ശരീരത്തിൽ സന്മുഖത്തുണ്ട്. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് ഞാൻ സദാ നിരാകാരനാണ്. എന്റെ പേര് തന്നെ ശിവനെന്നാണ്. ഞാൻ സാകാരത്തിലേക്ക് വന്ന് പുനർജന്മം എടുക്കു ന്നില്ല. ഇപ്പോൾ ഞാൻ വന്നിരിക്കുകയാണ്. നിങ്ങൾക്ക് അറിയുമോ ആരാണ് സംസാരിക്കുന്നതെന്ന്! നിങ്ങളുടെ ബുദ്ധി മുകളിലേക്ക് പോകുന്നു. നിരാകാരനായ പരമപിതാവായ പരമാത്മാവ് ജ്ഞാനസാഗര നാണ്. ഭാഗ്യത്തെ ഉണ്ടാക്കുന്ന ആളാണ്. ഹെവൻലി ഗോഡ്ഫാദർ സ്വർഗ്ഗത്തെ സ്ഥാപിക്കുമല്ലോ. നിങ്ങൾക്ക് അറിയാം ബാബ എങ്ങനെ ബ്രഹ്മാവിന്റെ ശരീരത്തിൽ സന്മുഖത്ത് സംസാരിക്കുന്നു എന്ന്. പറയുന്നു– ഓമനകളായ കുട്ടികളേ ഇപ്പോൾ ഡ്രാമ പൂർത്തിയാവുകയാണ്. ആത്മാവാണ് കേൾക്കുന്നത്. ഇത് ശരി യായ കാര്യമാണെന്ന് ആത്മാവാണ് മനസ്സിലാക്കുന്നത്. ബാബ പറയുന്നു എത്ര കഴിയുന്നുവോ എന്നെ ഓർമ്മിക്കൂ, മുഴുവനും സൃഷ്ടിചക്രത്തിന്റെ ജ്ഞാനവും നിങ്ങൾക്ക് തന്നു കഴിഞ്ഞു. ചിലർക്ക് നല്ല രീതി യിൽ ധാരണയുണ്ടാകുന്നു, ചിലർ മറന്നു പോകുന്നു. ഇപ്പോൾ ഇവിടെ ഇരിക്കുന്നു, നിങ്ങൾക്ക് ജ്ഞാനാ മൃതം നൽകുകയാണ് അഥവാ ജ്ഞാനം പഠിക്കുകയാണ്. സമ്മുഖത്ത് ശിവബാബ ഇരിക്കുന്നുണ്ട്. ബാബ ജനന മരണത്തിലേക്ക് വരുന്നില്ല. നിങ്ങളുടെ ഓരോ ജന്മവും നാമം, രൂപം, ദേശം, കാലം എല്ലാം തന്നെ പരിവർത്തനപ്പെടുന്നുണ്ട്. രൂപഭാവങ്ങളെല്ലാം തന്നെ വ്യത്യസ്തമായത് ലഭിക്കും. ഇതെല്ലാം തന്നെ എത്ര സൂക്ഷ്മമായ കാര്യങ്ങളാണ്. നിങ്ങൾ ആത്മാക്കൾ ഇടയ്ക്കിടെ ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്ന് എടു ക്കും. ഈ ജന്മത്തിൽ നിങ്ങൾക്ക് ലഭിച്ച രൂപമായിരിക്കുകയില്ല അടുത്ത ജന്മത്തിൽ നിങ്ങൾക്ക് ലഭിക്കുന്ന ത്. ഒന്നിന് അടുത്തതുമായി സാമ്യമുണ്ടാവില്ല. ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്ന് എടുക്കുമ്പോൾ അതിന്റെ ചിന്താഗതിയും പെരുമാറ്റവും എല്ലാം തന്നെ മാറും. ആത്മാവിന് എത്ര ഭിന്ന–ഭിന്ന പാർട്ടാണ് അഭിനയിക്കേണ്ടി വരുന്നത്. ഭിന്ന–ഭിന്ന നാമം, രൂപം, ദേശം, കാലം, പെരുമാറ്റം ഇവയിലൂടെ പാർട്ട് അഭി നയിക്കുന്നു. സംസ്കാരവും മാറിക്കൊണ്ടിരിക്കും ഇടയ്ക്ക് രാജാവിന്റെ, ഇടയ്ക്ക് സാധാരണക്കാരന്റെ. അല്ലാതെ ഒരിക്കലും പട്ടിയും പൂച്ചയുമായൊന്നും മാറില്ല. ഇപ്പോൾ നിങ്ങൾക്ക് അറിയാം നാം ഭാവിയിൽ രാജകുമാരി–കുമാരന്മാരായിത്തീരാനുള്ള പുരുഷാർത്ഥമാണ് ചെയ്യുന്നതെന്ന്. മനുഷ്യനിൽ നിന്നും ദേവ തയായി മാറുകയാണ്. ഈ മമ്മാ–ബാബയും പുരുഷാർത്ഥം ചെയ്യുകയാണ്. പിന്നീട് ഭാവിയിൽ പോയി ലക്ഷ്മി–നാരായണനായിത്തീരുന്നു. നമ്മളും എത്രത്തോളം ഭാഗ്യത്തെ ഉണ്ടാക്കാനുള്ള പുരുഷാർത്ഥം ചെയ്യുന്നോ, അത്രത്തോളം വളരെയധികം സുഖം ലഭിക്കുന്നു. എത്ര ശക്തിശാലിയായ സമ്പാദ്യമാണ്! അവർ അല്പകാലത്തെ സുഖത്തിനുവേണ്ടി പഠിച്ച് ഈ ജന്മത്തിൽ തന്നെ വക്കീലായിത്തീരുന്നു. അടുത്ത ജന്മത്തിന്റെ കാര്യം തന്നെയില്ല. ആയിത്തീരുകയും ചെയ്യാം, ആവാതെ ഇരിക്കുകയും ചെയ്യാം. നിങ്ങൾ

മനസ്സിലാക്കുന്നു, നമ്മൾ തീർച്ചയായും ഭാവിയിൽ സ്വർഗ്ഗത്തിലേക്കു പോകും. അവിടെ പിന്നീട് ദേവീദേവകതൾ എന്ന് അറിയപ്പെടും. നമുക്ക് ബാബയിൽ നിന്നും സ്വർഗ്ഗത്തിന്റെ മയൂരസിംഹാസനം എടുത്തേ തീരൂ എന്നത് ഒരിക്കലും മറക്കരുത്. ഉയർന്നതിലും ഉയർന്നതായിത്തീരുക തന്നെ ചെയ്യും. ഗോഡ്ഫാദർ പഠിപ്പിക്കുന്നു എന്നുള്ളതും ബുദ്ധിയിലുണ്ടായിരിക്കണം. നമ്മൾ നല്ല രീതിയിൽ പഠിച്ച് 21 ജന്മത്തേക്ക് തന്റെ പ്രാപ്തിയുണ്ടാക്കുന്നു. ഈ സമയം എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നുവോ അത്രയ്ക്കും ഉയർന്ന ഭാഗ്യം ഉണ്ടാകുന്നു. ആ ഭാഗ്യം കല്പകല്പം നിലനിൽക്കും, അതുകൊണ്ട് ഈ സമയത്ത് ഭാഗ്യത്തിനായി നല്ല പുരുഷാർത്ഥം ചെയ്യണം. വളരെ വലിയ ഭാഗ്യമാണ്. വളരെയധികം സുഖമാണ്. ചിലർക്ക് ഇവിടെ കോടികളുണ്ടെങ്കിലും സുഖം അല്പം പോലുമില്ല. അവിടെ തീർത്തും ശാന്തിയോടെയും വിശ്രമത്തോടെയും പ്രാപ്തി അനുഭവിക്കുന്നു. ഇവിടെ എത്ര ബുദ്ധിമുട്ടുകളാണ് വന്നുകൊണ്ടിരിക്കുന്നത്. കുറച്ചു സമയത്തിനുള്ളിൽ തന്നെ ഒരുപാടു പേർ പാപ്പരായിത്തീരും. മരിച്ചുപോകും. എല്ലാവരും ഇൻഷ്വർ ചെയ്യുന്നുണ്ടെങ്കിലും ഇൻഷ്വറൻസ് കമ്പനിയ്ക്കു കൂടി എന്തു ചെയ്യാൻ സാധിക്കും? ഹിരോഷിമയുടെ അവസ്ഥ എന്തായി! എത്ര പേർ മരിച്ചു! ഇൻഷ്വറൻസ് കമ്പനിക്കാരും പാപ്പരായി. ഇവിടെയും അങ്ങനെത്തന്നെ സംഭവിക്കും. എല്ലാം നശിച്ചുപോകും. ഇൻഷ്വറൻസുകാർ പിന്നെ ആർക്കു പൈസ നൽകാനാണ്? ആര് മറ്റുള്ളവരുടെ ചിത കത്തിക്കും?

മനുഷ്യരിൽ എത്ര അന്ധവിശ്വാസമാണ്! വലിയ ആളുകളുടെ ഷോ ധാരാളമുണ്ടാവും. ഋഷിമുനിമാരെ അവരെക്കാളും വലിയവരാണെന്ന് മനസ്സിലാക്കുന്നു. ധർമ്മത്തിനെ അംഗീകരിക്കുന്നില്ലെങ്കിലും സന്യാസിമാരെ തീർച്ചയായും നമസ്കരിക്കും. സന്യാസിമാരുടെ മുന്നിൽ പോയി സാഷ്ടാംഗം പ്രണമിക്കും. സന്യാസിമാർ അവരുടെ മുന്നിൽ ചെയ്യുകയില്ല. കാരണം, മനസ്സിലാക്കുന്നു ഞങ്ങൾ അവരെക്കാളും ഉയർന്നതും പവിത്രവുമാണെന്ന്. ഈ ബാബ പറയുന്നു എന്റെ ഓമനയായ കുട്ടികളേ – ഞാൻ എന്റെ കുട്ടികളെ നമസ്കരിക്കുന്നു. നിങ്ങൾ എന്റെ ശിരസ്സിലെ മയിൽപീലിയാണ്. നിങ്ങൾ വിശ്വത്തിന്റെ അധികാരികളായിത്തീരുന്നവരാണ്. നിങ്ങൾ ബ്രഹ്മാണ്ഡത്തിന്റെയും അധികാരികളാണ്. നിങ്ങൾ ഡബിൾ അധികാരികളാണ്. ഞാൻ കേവലം ബ്രഹ്മാണ്ഡത്തിന്റെ അധികാരിയാണ്. ഇങ്ങനെയുള്ള കാര്യങ്ങൾ ബാബയ്ക്കല്ലാതെ മറ്റാർക്കും മനസ്സിലാക്കിത്തരാൻ സാധിക്കുകയില്ല. അപ്പോൾ ഇത്രയും സമ്പത്ത് ലഭിക്കുമ്പോൾ ബാബയെ എത്രത്തോളം ഓർമ്മിക്കേണ്ടതുണ്ട്. ബാബ പറയുന്നു – നോക്കൂ, എത്ര കുട്ടികൾ ഇവിടേക്കു വന്നു പോകുന്നു. പിന്നീട് 6 മാസത്തിൽ പോലും കത്തെഴുതാറില്ല. പ്രാണൻ നൽകുന്ന പ്രാണനെക്കാളും സ്നേഹിക്കുന്ന ബാബയ്ക്ക് കത്തെഴുതുന്നില്ലേ. പത്നി പതിയ്ക്ക് കത്തെഴുതുമ്പോൾ പറയാറുണ്ട്, അല്ലയോ പ്രാണേശ്വരാ... എന്നൊക്കെ. പക്ഷേ വാസ്തവത്തിൽ പ്രാണേശ്വരനൊന്നുമല്ല. പ്രാണേശ്വരൻ ഒരേയൊരു ബാബ മാത്രമാണ്. എല്ലാ പ്രാണന്റെയും ഈശ്വരൻ ഒരേയൊരു ബാബയാണ്. ബാബ പറയുന്നു – അല്ലയോ പ്രാണേശ്വരന്റെ കുട്ടികളേ, അതായത് പ്രാണൻ രക്ഷിക്കുന്ന ഈശ്വരന്റെ കുട്ടികളേ. കുട്ടികളും പറയുന്നു പ്രാണേശ്വരനായ ബാബാ, നമ്മുടെ പ്രാണനെ രക്ഷിക്കുന്ന ബാബാ. ഇവിടെ നിന്നാണ് ഈപേര് ഉണ്ടായത്. ഭാരതത്തിൽ മാത്രമേ ഇങ്ങനെ പ്രാണേശ്വരൻ, പ്രാണേശ്വരീ എന്ന് എഴുതൂ. എന്നാൽ അങ്ങനെയുള്ളവരൊന്നുമില്ല. ഒരേയൊരു ബാബ മാത്രമാണ് പ്രാണദാനം നൽകുന്നത്. ബാബ പറയുന്നു നിങ്ങൾ എന്റേതായിത്തീരുന്നു എങ്കിൽ നിങ്ങൾക്ക് ആരും തന്നെ ദുഃഖം നൽകുകയില്ല. ആത്മാവിനാണ് ദുഃഖം ലഭിക്കുന്നത്, ആത്മാവ് അനുഭവിക്കുന്നുണ്ട്, ബാബ എത്ര സ്നേഹത്തോടെയാണ് മനസ്സിലാക്കി തരുന്നതെന്ന്. ഓർമ്മിക്കുന്നതും മഹിമ പാടുന്നതും ബാബയെത്തന്നെയാണ്. മമ്മയെയും എത്രയാണ് ഓർമ്മിക്കുന്നത്. ആരാണോ വളരെയധികം പേരുടെ സേവനം ചെയ്യുന്നത് അവർക്ക് എത്ര ഉയർന്ന പദവിയാണ് ലഭിക്കുന്നത്. അതിനുശേഷം രണ്ടാം നമ്പറിൽ സേവനത്തിൽ ആരാണോ ബാബയെ അനുകരിക്കുന്നത്. നിങ്ങൾക്ക് വളരെയധികം ദയാമനസ്കനായിത്തീരണം. എങ്ങനെയാണോ ബാബ നമ്മെ ആക്കി മാറ്റിയത്, അതുപോലെ നമുക്ക് മറ്റുള്ളവരെയാക്കിമാറ്റണം. എത്ര വലിയ സമ്പത്തിന്റെ പ്രാപ്തിയാണ് – സ്വർഗ്ഗത്തിന്റെ രാജധാനി. അവിടെ നാം ഇത്രയ്ക്കും ധനവാനായിരിക്കും സ്വർണ്ണത്തിന്റെയും വജ്രങ്ങളുടെയും കൊട്ടാരത്തിലാണ് വസിക്കുക. ഒരു മായാ മാന്ത്രികന്റെ കളി കാണിക്കുന്നുണ്ട്. അവർ സ്വർണ്ണത്തിന്റെ ഇഷ്ടിക കണ്ടപ്പോൾ കുറച്ച് എടുത്തു കൊണ്ടു വന്നാലോ എന്ന് ആഗ്രഹിച്ചു. നിങ്ങൾ സാക്ഷാത്കാരത്തിൽ സ്വർഗ്ഗത്തിൽ വജ്ര–വൈഢൂര്യങ്ങളുടെ കൊട്ടാരത്തെ കാണുന്നു. സ്വർണ്ണത്തിന്റെ ഖനികളെ കാണുമ്പോൾ മനസ്സിലാക്കുന്നു, കുറച്ച് എടുത്തു വരണമെന്ന്. സൂക്ഷ്മ വതനത്തിൽ സ്വർണ്ണം ലഭിക്കുന്നില്ല. സ്വർണ്ണം വൈകുണ്ഡത്തിലാണ് ഉണ്ടാകുന്നത്. നിങ്ങൾക്ക് അറിയാം അവിടെ നമ്മൾ സ്വർണ്ണ ഖനികൾ വിമാനങ്ങളിൽ പോയി കൊണ്ടു വരും. സ്വർണ്ണത്തിന്റെ വലിയ വലിയ ഇഷ്ടികയായിരിക്കും. ഇപ്പോഴും വലിയവരുടെ അടുത്ത് സ്വർണ്ണം ഉണ്ടായിരിക്കുമല്ലോ. ഭാരതത്തിൽ സ്വർണ്ണവും വെള്ളിയും തീർച്ചയായും ഉണ്ടാവും. എല്ലാവരുടെ അടുത്തും വലിയ വലിയ ഗുഹകളുണ്ടായിരിക്കും, ആരും കൊള്ളയടിച്ച് കൊണ്ടു പോകാതിരിക്കാൻ. അഗ്നിയ്ക്ക് ഇരയാകാതിരിക്കാൻ. അതെല്ലാം തന്നെ ഭാവിയിൽ നിങ്ങളുടെ കൈയ്യി

ലേക്ക് വരും. ഏതൊരു വിമാനത്തിലൂടെയാണോ ഇപ്പോൾ ബോംബുകൾ വീഴ്ത്തുന്നത്, വിനാശത്തിനായി, അതേ വിമാനങ്ങൾ നിങ്ങൾക്ക് സുഖത്തിനുവേണ്ടി നിമിത്തമായിത്തീരും. സത്യയുഗത്തിൽ ഇതെല്ലാം തന്നെയുണ്ടായിരുന്നു പിന്നീട് എല്ലാം തന്നെ നഷ്ടപ്പെട്ടു. ഇനി വീണ്ടും ഉണ്ടാകണം. നിങ്ങൾക്ക് അറിയാം എങ്ങനെ ഖനികളിൽ പോയി കൊണ്ടുവരുന്നു എന്ന്. അതെല്ലാം തന്നെ അന്ന് പുതിയതായിരിക്കും, ഇപ്പോൾ പഴയതായിരിക്കുകയാണ്. അപ്പോൾ അത്രയ്ക്കും ഭാഗ്യത്തെ ഉണ്ടാക്കിത്തരുന്ന ബാബയിൽ നിന്നും പൂർണ്ണ ഭാഗ്യം നേടണം. ഇതിൽ ഒരിക്കലും തെറ്റ് ചെയ്യരുത്. ബാബയെയും സമ്പത്തിനെയും ഓർമ്മിക്കണം. ബാബ പറയുന്നു, ഒന്നിൽ മാത്രം മോഹം വെക്കൂ, സ്വർഗ്ഗത്തെ ഓർമ്മിക്കൂ. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) തന്റെ ഭാഗ്യത്തെ ഉയർത്തുന്ന കാര്യത്തിൽ ഒരിക്കലും അശ്രദ്ധ കാണിക്കരുത്. ശ്രീമതത്തിലൂടെ വളരെ നല്ല രീതിയിൽ മുന്നോട്ട് പോയി പഠിപ്പിന്റെ ആധാരത്തിലൂടെ ഉയർന്ന ഭാഗ്യത്തെ ഉണ്ടാക്കണം.

2) പ്രാണേശ്വരനായ ബാബയുടെ ഓർമ്മയിലിരുന്ന്, എല്ലാവർക്കും പ്രാണദാനം ചെയ്യണം. എല്ലാവരുടെയും പ്രാണനെ രക്ഷിക്കണം. ആരെയും ദുഃഖിപ്പിക്കരുത്.

### വരദാനം:- അധികാരിയുടെ സ്ഥിതിയിൽ കഴിഞ്ഞ് പ്രകൃതിയിലൂടെ സഹയോഗത്തിന്റെ മാല അണിയുന്ന പ്രകൃതിജീത്തായി ഭവിക്കൂ

പ്രകൃതി താങ്കൾ അധികാരികളെ ഇപ്പോൾ മുതൽ ആഹ്വാനം ചെയ്തുകൊണ്ടിരിക്കുകയാണ്, നാലുപാടും പ്രകൃതിയുടെ തത്വം ഇളക്കങ്ങളുണ്ടാക്കും എന്നാൽ എവിടെ താങ്കൾ പ്രകൃതിയുടെ അധികാരിയുണ്ടാകുമോ അവിടെ പ്രകൃതി ദാസിയായി സേവനം ചെയ്യും കേവലം താങ്കൾ പ്രകൃതിജീത്തായിമാറൂ എങ്കിൽ പ്രകൃതി സഹയോഗത്തിന്റെ മാല അണിയിക്കും. എവിടെ താങ്കൾ പ്രകൃതിജീത്ത് ആത്മാക്കളുടെ പാദമുണ്ടാകുമോ, സ്ഥാനമുണ്ടാകുമോ അവിടെ ഒരു നഷ്ടവും ഉണ്ടാകുകയില്ല. കൊടുങ്കാറ്റ് വരും, ഭൂമി കുലുങ്ങും എന്നാൽ പുറമെ കുന്തവും ഇവിടെ മുള്ളുമായിരിക്കും. എല്ലാവരും താങ്കളുടെ പക്കലേക്ക് സ്ഥൂലവും സൂക്ഷ്മവുമായ ആശ്രയമെടുക്കുന്നതിനായി ഓടിവരും.

### സ്ലോഗൻ:- അലൗകിക സുഖം അല്ലെങ്കിൽ മനരസത്തിന്റെ അനുഭവം ചെയ്യണമെങ്കിൽ മൻമനാഭവ സ്ഥിതിയിൽ കഴിയൂ.